**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2839** **13-02-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ സമഗ്രപരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്രപരിഷ്കരണം ലക്ഷ്യമിട്ട് സർക്കാർ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്ക് നിയമ പ്രാബല്യം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് ബഹുമാനപ്പെട്ട സഭ പാസ്സാക്കിയ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ ബഹുമാനപ്പെട്ട ഗവർണ്ണറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹിക വികസനത്തിനായി സഹകരണ മേഖലയെ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമായ സാഹചര്യത്തിൽ സർക്കാർ രൂപം നൽകിയ നിയമത്തിന് അനുമതി നൽകാതെ കാലവിളംബം വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത് ഈ മേഖലയിലെ വികസനത്തെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സഹകരണ മേഖലയുടെ കാലാനുസൃതമായ വളർച്ചയ്ക്ക് അനുസൃതമായി സഹകരണ നിയമം ഭേദഗതി വരുത്തേണ്ടത് ആത്യാവശ്യമാണ്. സംഘങ്ങളുടെ പ്രവർത്തന വൈപുല്യവും പുതിയ മേഖലകളിൽ സഹകരണ മേഖല വ്യാപിക്കുന്ന സാഹ്യചര്യത്തിലും ഒറ്റപ്പെട്ടതെങ്കിലും സഹകരണ മേഖലയിൽ വന്നിട്ടുള്ള ചില അനഭിലഷണീയ പ്രവണതകൾ പരിഹരിക്കുന്നതിനും, കൂടുതൽ ജനങ്ങളെ സഹകരണ മേഖലയിൽ ആകർഷിക്കുന്നതിന് ലക്ഷ്യമിട്ടും നിയമ സഭ പാസ്സാക്കിയ കേരള സഹകരണ സംഘം (ഭേദഗതി) ബില്ലിന് നിയമപ്രാബല്യം ലഭിക്കേണ്ടത് സഹകരണ മേഖലുടെ വളർച്ചയ്ക്ക് അനിവാര്യമാണ്. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച മറ്റു നടപടികൾ വിശദമാക്കുമോ? | (സി) | സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി ചുവടെ പറയുന്നതുൾപ്പെടെയുള്ള വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഹ്രസ്വകാല കാർഷിക വായ്പയുടെ പലിശ നിരക്ക് നബാർഡിൽ നിന്നുള്ള പലിശ സബ് വെൻഷനോട് കൂടി കർഷകന്റെ പലിശ ഭാരം കുറയ്ക്കാൻ സാധിച്ചു. വ്യക്തിഗത വായ്പകൾക്ക് പുതിയ വായ്പാ നയം രൂപീകരിച്ചുകൊണ്ട് കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ നൽകാൻ കഴിയുന്ന അവസ്ഥ സംജാതമായി. വിവിധ ജില്ലകളിൽ വിവിധ നിരക്കുകളിൽ നിലനിന്നിരുന്ന സഹകരണ |

സംഘങ്ങൾക്ക് നൽകുന്ന വായ്പകളുടെ പലിശ നിരക്കുകൾ ഏകീകരിച്ച് കുറയ്ക്കുന്നതിന് സാധിച്ചു.

Be The Number One Campaign, 100 Days Mission, Mission Rainbow 2024 എന്നീ ക്യാമ്പയിനുകളിലൂടെ വലിയ തോതിൽ നിക്ഷേപം, വായ്പ എന്നിവ വർധിപ്പിക്കുന്നതിനും എൻ.പി.എ ഗണ്യമായ രീതിയിൽ കുറച്ചുകൊണ്ടും വരുന്നതിനും കഴിഞ്ഞു.

കേരള സംസ്ഥാന സഹകരണ ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ മുഖേന സഹകരണ സൗഹൃദം എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി - ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകുന്നു.

കുടുംബത്തിനൊരു കരുതൽധനം നിക്ഷേപപദ്ധതി, പുനർജ്ജനി പദ്ധതി, കേരള സഹകരണ കടാശ്വാസ പദ്ധതി /കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി, നിക്ഷേപ ഗ്യാരന്റി ഫണ്ട്, കേരള സഹകരണ സംഘം പുനരുദ്ധാരണനിധി പദ്ധതി, സഹകാരി സാന്ത്വനം, coopmart, സഹകരണ എക്സ്പോ എന്നിങ്ങനെയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഇൻഡോർ ഫുട്ബാൾ/ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫുകൾ സജ്ജമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖാന്തിരം വ്യക്തികൾക്ക് വീടുകളിൽ സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിന് പരമാവധി 3 ലക്ഷം രൂപ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി.

പ്രാഥമിക സഹകരണ സംഘങ്ങൾ മുഖാന്തിരം ചെറുകിട, വഴിയോര കച്ചവടം, ചെറുസംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ആട്ടോറിക്ഷാ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ,

മെയിന്റനൻസ് എന്നിവയ്ക്കായി “സഹായ ഹസ്തം” എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്.

'പി.എ.സി.എസ്. (PACS) വഴി പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ, പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾക്കുള്ള ധനസഹായം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള ധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

‘സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി’ (CITA) നടപ്പിലാക്കി വരുന്നു.

സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുളള ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

രോഗികളും നിരാലംബരും, തിരിച്ചടവ് ശേഷിയില്ലാത്തവരുമായ വായ്പക്കാരുടെ 35 ഓളം വായ്പകൾ ജീവനക്കാരുടെയും ഭരണസമിതിയുടെയും മാനുഷിക പരിഗണന മൂലം ബാധ്യത തീർത്തു ആധാരങ്ങൾ തിരികെ നൽകാൻ കഴിഞ്ഞു.

സഹകരണ സംഘങ്ങളുടെ പുരോഗതി ലക്ഷ്യമാക്കി PACS Advisory Committee കൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു.

കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. 40 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ആദ്യ ഭവനസമുച്ചയം നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ദുർബലമായ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

സംസ്ഥാന ആഡിറ്റ് ഡയറക്ടേറ്റിന്റെയും ജില്ലാ ആഫീസുകളുടെയും നവീകരണത്തിന് അടിസ്ഥാന സൗകര്യ വികസനം.

നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് BDPI സെൽ രൂപീകരിച്ചു. PACS as MSC, AIF പദ്ധതികൾ.

സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി

കോഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) ന്റെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

കോഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ(കേപ്പ്) KIMB - നൈപുണ്യവികസനപരിശീലനകേന്ദ്രം (SKDC) യുവജന സഹകരണ സംഘങ്ങൾ, കലാകാരൻമാരുടെ സഹകരണസംഘം, കേരള സ്റ്റേറ്റ് ഷോപ്പ് ആന്റ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആന്റ് ഗിഗ് വർക്കേഴ്സ് വെൽഫയർ ഫെഡറൽ സഹകരണസംഘംക്ലിപ്തം നം. 4511, കേരള സ്റ്റേറ്റ് ഷോപ്പ് ആന്റ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആന്റ് ഗിഗ് വർക്കേഴ്സ് വെൽഫയർ ഫെഡറൽ സഹകരണ സംഘം (ShopCosFed), ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ ഹൈജീനിക് കോഫീ ഷോപ്പ് ടെക്നോപാർക്ക് ഹോസ്പിറ്റലിൽ ആധുനികസൗകര്യത്തോടു കൂടിയ മൈക്രോബയോളജിലാബ് ,. സാഹിത്യപ്രവർത്തക സഹകരണസംഘം ക്ലിപ്തം നമ്പർ 2458 എന്നിവ രൂപീകരിച്ചു.

18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവരും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ തത്പരരുമായ സഹകരണ മൂല്യങ്ങളിൽ വിശ്വസിക്കുന്ന യുവ ജനങ്ങൾക്ക് സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുക ആയത് വഴി യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുക, കൂടതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത് ലക്ഷ്യമിട്ട് യുവജന സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

യുവ വനിത സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വനിത സഹകരണ സംഘങ്ങളെ വ്യവസായ വകുപ്പിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി ഉത്പാദനയൂണിറ്റുകളാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനം സ്വീകരിക്കുന്നു.

കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം രജിസ്റ്റർ ചെയ്തു.

അക്ഷരംമ്യൂസിയം' - Museum of Letter, Literature & Culture' പദ്ധതി.

| | | | |
|---|---|---|---|
| | | | കേരള ബാങ്കിൽ സമ്പൂർണ്ണ സി.ബി.എസ് സിസ്റ്റം , നടപ്പാക്കുകയും, എല്ലാസേവനങ്ങളും ഓൺ ലൈനായി ലഭ്യമാക്കുന്നതിനുമുള്ള പദ്ധതി.<br><br>സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കൽ.<br><br>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ പൊതു സോഫ്റ്റ്‌വെയർ.<br><br>Co-operative Audit Monitoring & Information System (CAMIS)<br><br>പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനായി ഓൺലൈൻ സോഫ്റ്റ് വെയർ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ